മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ വേർപെടുത്തുന്ന നടപടി

97 [872] ശ്രീ: എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും കൂട്ടിച്ചേർത്ത് പഞ്ചായത്തുകൾ തുടർന്നും നിലനിർത്തുമോ ;

(ബി) പ്രസ്തുത പ്രദേശങ്ങൾ വേർപെടുത്തുന്നതിന് മറ്റേതെങ്കിലും നിർദ്ദേശങ്ങളുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും കൂട്ടിച്ചേർത്തിരുന്ന പഞ്ചായത്തുകളിൽ ഉള്ളൂർ, കടകംപള്ളി, രവിപുരം, വടക്കേവിള, കിളികൊല്ലൂർ, ശക്തികുളങ്ങര, ഉല്ലൂക്കര, വിൽവട്ടം, അയ്യൻതോൾ, കൂർക്കഞ്ചേരി, ഒല്ലൂർ, മടത്തറയുടെ ഭാഗങ്ങൾ എന്നീ ഗ്രാമപഞ്ചായത്തുകൾ നിലനിർത്താൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്ന നടപടി

98 [873] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ ഗ്രാമപഞ്ചായത്തിനും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാൻ വേണ്ടി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതം ഗവൺമെന്റിലേക്ക് അടച്ചിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഉണ്ടായിരുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക അതാത് പഞ്ചായത്തുകൾക്ക് തിരിച്ച് നൽകാൻ തീരുമാനിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത തുക തിരിച്ചുനൽകി ഗ്രാമപഞ്ചായത്തുകളെ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാൻ അനുവദിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടച്ചിരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ശ്രീ. എസ്. മനുലാൽ ഫയൽ ചെയ്തിരുന്ന 37364/02 നമ്പർ ഒ. പി., 15-10-2004-ലെ വിധിന്യായത്തിലൂടെ കോടതി തള്ളിക്കളയുകയുണ്ടായി.

(സി, ഡി) ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാൻ പഞ്ചായത്ത് ഡയറക്ടറുടെ ടി. പി. അക്കൗണ്ടിൽ ഗ്രാമപഞ്ചായത്തുകൾ നിക്ഷേപിച്ചിട്ടുള്ള തുക പഞ്ചായത്തുകൾക്ക് തിരിച്ചുനൽകുന്നതിനും ഫോട്ടോസ്റ്റാറ്റ് മെഷീൻ ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടും 25-10-2004-ൽ സ.ഉ. (കൈ) 300/2004/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പഞ്ചായത്തുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ മടക്കി നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ കൈക്കൊണ്ടുവരുന്നു.

നൂറനാട് പഞ്ചായത്തിൽ കടത്ത് അനുവദിക്കുന്ന നടപടി

99 [T874] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ നൂറനാട് പഞ്ചായത്തിൽ കരങ്ങാലി പുഞ്ചയ്ക്ക് കുറുകെ ഏവിയാസ് നഗർ-ചേരിക്കൽ കടവുകളെ ബന്ധിപ്പിച്ച് കടത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കടത്ത് എന്നത്തേക്ക് ഏർപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പി.എസ്.സി. നിയമനം

100 [875] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം വഴി എത്രപേരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly